## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2392.

07-10-2016 ൽ മറുപടിയ്ക്ക്

### വാട്ടർ ഹാർവസ്റ്റിംഗ്

**ചോദ്യം**
ശ്രീ.മുഹമ്മദ് മുഹസിൻ പി.

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷിക്കാരെ സംരക്ഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; കാർഷിക ആവശ്യത്തിനായി വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇത്തരം ആവശ്യത്തിനായുള്ള ജല സ്രോതസ്സുകൾക്ക് എന്തെങ്കിലും പ്രത്യേക മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നുണ്ടോ; | (എ) | നെൽകൃഷിക്കാരെ സംരക്ഷിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>**1. സുസ്ഥിര നെൽകൃഷി വികസനം-**<br>ഈ പദ്ധതി പ്രകാരം ഹെക്ടറൊന്നിന് ഉൽപ്പാദനോപാധികളുടെ ചെലവിനായി 1500/- രൂപ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>**2. വികസന ഏജൻസികൾക്കുള്ള ഫണ്ട്.**<br>നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.<br>**3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം-**<br>പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 1500 ഹെക്ടറിന് (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) |

150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

**4. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-**

പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 450 ലക്ഷം രൂപ 1,25,000 ഹെക്ടർ പ്രദേശത്തേക്ക് പദ്ധതി നടപ്പിലാക്കിവരുന്നു.

**5. കരനെൽകൃഷി വികസനം-**

സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി 2560 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13600/- രൂപ സബ്സിഡി) ആകെ 348.16 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

**6. നെൽകൃഷി ഉല്പാദന ബോണസ് (നോൺ പ്ലാൻ)-**

നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ ഒരു സീസണിൽ എന്ന കണക്കിന് നൽകുന്നതിനായി 1243.44 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

**7. കാർഷിക സൗജന്യ വൈദ്യുതി പദ്ധതി(നോൺ പ്ലാൻ)-**

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിച്ചുവരുന്നു. 2016-17 വർഷം 3443 ലക്ഷം രൂപ ഇതിലേക്കായി അനുവദിക്കുകയുണ്ടായി.

**8. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി (എൻ.എഫ്.എസ്.എം)-**

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 243 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**9. ആർ.കെ.വി.വൈ പദ്ധതി** പ്രകാരം ഹെക്ടറിന് 7500/- രൂപ നിരക്കിൽ

| | | | |
|---|---|---|---|
| | | | ധനസഹായം നൽകി 2000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 150 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.<br>കാർഷിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഇപ്രകാരമാണ്.<br>1) 30 സെന്റിൽ കുറയാതെ കൃഷിഭൂമിയുള്ളവരിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളവർ.<br>2) 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ.<br>3) 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്യുന്ന കർഷകർ.<br>4) കാർഷികാവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള പമ്പ്സെറ്റും ജലസ്രോതസ്സും കൃഷിയും പരിശോധിച്ച് കൃഷി ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് പ്രകാരമാണ് കെ.എസ്.ഇ.ബി. കാർഷിക വൈദ്യുതി കണക്ഷൻ നൽകിവരുന്നത്. ഈ ആവശ്യത്തിനുള്ള ജലസ്രോതസ്സ് കർഷകന്റെ കൃഷിഭൂമിയിൽ ഉണ്ടായിരിക്കേണ്ടതാണ്. |
| (ബി) | കീട-കുമിൾ നാശിനി പ്രയോഗം പച്ചക്കറികളെ വിഷമയമാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രിസ്ക്രിപ്ഷന്റെ അടിസ്ഥാനത്തിൽ കൃഷി വിദഗ്ധന്റെ മേൽനോട്ടത്തിൽ കീട-കുമിൾ നാശിനികൾ വിപണനം നടത്തുവാനും, കീടനാശിനി, കുമിൾ നാശിനി എന്നിവ ഉപയോഗിക്കുന്നവരുടെ പൂർണ്ണവിവരം (മേൽവിലാസം, കൃഷിസ്ഥലം, കീടംരോഗം, ഉപയോഗിക്കുന്ന അളവ്) അടങ്ങുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിയിടങ്ങളിൽ അനിയന്ത്രിതമായ കീടനാശിനി ഉപയോഗം ഒഴിവാക്കുവാനായി കർഷകർക്ക് അവബോധം നൽകുവാനും, ശാസ്ത്രീയമായ ശുപാർശയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനികൾ പ്രയോഗിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുവാനും കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി 29.08.2016 മുതൽ 07.10.2016 വരെയുള്ള കാലയളവിൽ ഒരു സംസ്ഥാനതല ക്യാമ്പയിൻ കൃഷിവകുപ്പ് നടത്തിവരികയാണ്. ഒപ്പം നിയന്ത്രിത കീടനാശിനികൾ മേലിൽ കൃഷി ആഫീസർമാരുടെ പ്രിസ്ക്രിപ്ഷന്റെ അടിസ്ഥാനത്തിൽ മാത്രം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും, ഇത്തരത്തിൽ നൽകുന്ന പ്രിസ്ക്രിപ്ഷൻ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ എല്ലാ കൃഷിഭവനുകളിലും സൂക്ഷിക്കുവാനും എല്ലാ കൃഷി ആഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 'വാട്ടർ ഹാർവസ്റ്റിംഗ്' പദ്ധതികൾ അനുയോജ്യമായ സ്ഥലങ്ങളിൽ പരമാവധി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കാർഷിക വകുപ്പിന്റെയും, സർവ്വകലാശാലകളിലേയും അനുയോജ്യമായ സ്ഥലം പ്രസ്തുത പദ്ധതികൾക്കായി കണ്ടെത്തുകയാണെങ്കിൽ വാട്ടർ റിസർവോയറുകൾ നിർമ്മിക്കാൻ തയ്യാറാവുമോ; വിശദമാക്കാമോ? | (സി) | SHM, PMKSY എന്നീ പദ്ധതികളിൽ വാട്ടർ ഹാർവസ്റ്റിംഗ് പദ്ധതികൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. സ്ഥലലഭ്യതയും പ്രയോഗക്ഷമതയും പരിശോധിച്ച് വേണ്ട നടപടികൾ ആലോചിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ